- 20000 കോടി രൂപയുടെ പദ്ധതി അടങ്കലിൽ 14251 കോടി രൂപ (71%) ചെലവഴിച്ചിട്ടുണ്ട്. ഇത് 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 10% കുറവാണ്.

- പദ്ധതി നടത്തിപ്പിലും നിരീക്ഷണത്തിലും ഏർപ്പെടുത്തിട്ടുള്ള 39 വകുപ്പുകളുടെ പ്രകടനം വിലയിരുത്തുമ്പോൾ 22 വകുപ്പുകൾ സംസ്ഥാന ശരാശരിയായ 71% മുകളിലും അവശേഷിക്കുന്ന 17 വകുപ്പുകൾ സംസ്ഥാന ശരാശരിയുടെ താഴെയുമാണ്.

- 'payment' നടത്തുന്നതിനുള്ള സാങ്കേതികവും മറ്റുതരത്തിലുമുള്ള കാരണങ്ങൾ കൊണ്ടുള്ള കാലതാമസം വൻകിട വികസന പ്രോജക്ടുകൾക്കുള്ള സ്ഥലം ഏറ്റെടുക്കലിലുള്ള കാലതാമസം 'Bidder' പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ 'pre qualification' മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടതായിരുന്നത്, ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള കാലതാമസം, കേന്ദ്രസഹായം യഥാസമയം നൽകാത്തത് എന്നിവയാണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചില തടസ്സങ്ങൾ.

(ബി&സി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കുള്ള പദ്ധതി വിഹിതം, ചെലവഴിച്ച തുക, ചെലവിന്റെ ശതമാനം ഇവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു*.

2014-15 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവും ടി.പി. അക്കൗണ്ടുകളിലെ തുകയും

166 (3320) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31-ന് പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എത്ര തുക വിവിധ T.P.അക്കൗണ്ടുകളിലുണ്ടായിരുന്നു; വിശദമാക്കാമോ; തദ്ദേശ സ്വയംഭരണ വകുപ്പിനായി വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കാതിരുന്ന തുക എത്രയായിരുന്നുവെന്ന വെളിപ്പെടുത്തുമോ;

(ബി) 2015 മാർച്ച് 31 ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ T.P അക്കൗണ്ടുകളിലുണ്ടായിരുന്ന മൊത്തം തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23 ജില്ലാ ട്രഷറികളിലുമായി 388 T.P. അക്കൗണ്ടുകൾ ഉള്ളതിൽ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2015 മാർച്ച് 31-ന് 185,96,53,110 രൂപ നിലനിന്നിരുന്നു. തദ്ദേശ വകുപ്പിനായി വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കാതിരുന്ന തുക 18,61,41,652 രൂപയാണ്.

(ബി) 2015 മാർച്ച് 31-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ T.P. അക്കൗണ്ടുകളിലുണ്ടായിരുന്ന മൊത്തം തുക 128,73,37,913 രൂപയാണ്.

ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം

167 (3321) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം എന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്ന തുകയിൽ കാര്യമായ നഷ്ടം ഉണ്ടാക്കുന്നുണ്ടോ;

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ നിക്ഷേപ സമാഹരണ ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്ന തുകയിൽ കാര്യമായ നഷ്ടം ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.